LIBRARY ARCHIVES Kerala Legislative Assembly

കൊട്ടമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിലെ സ്ഫോടനം

192 (3478) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടമൺ പ്ലാന്റേഷനിലുള്ള റബ്ബർ ഫാക്ടറിയിൽ 11-4-2013-ൽ ഉണ്ടായ സ്ഫോടനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയിട്ടുള്ള അന്വേഷണ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്ഫോടനവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പേര് വിവരം സഹിതം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മെഷിനറി തകരാർ 11-4-2013-ൽ അല്ല മറിച്ച് 11-4-2012-ലാണ് സംഭവിച്ചത്. പ്രാഥമിക അന്വേഷണത്തിൽ വൈദ്യുതി തകരാർ മൂലമാണ് മെഷീൻ പൊട്ടിത്തെറിച്ചത് എന്നായിരുന്നു നിഗമനമെങ്കിലും കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും വെസ്റ്റ്ഫാലിയ മെഷീന്റെ ബ്രേക്ക് ഡൗൺ ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്നതിനായുള്ള നടപടി അന്തിമഘട്ടത്തിലാണ്. ആയത് ലഭിച്ചതിനുശേഷം മാത്രമേ യന്ത്രഭാഗങ്ങൾ വിശദപരിശോധന നടത്തി കാരണം വിശകലനം ചെയ്യാൻ സാധിക്കുകയുള്ളൂ.

(ബി) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ തകരാറുമായി ബന്ധപ്പെട്ട കാരണങ്ങളാൽ പൊട്ടിത്തെറി ഉണ്ടായ സാഹചര്യം വച്ച് അന്ന് ഫാക്ടറിയിൽ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന ശ്രീ. എ. ഇ. രാജേഷിനെ (അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ) ജോലിയിൽനിന്നും പിരിച്ചുവിടുകയുണ്ടായി.

കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ

193 (3479) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകരെ സഹായിക്കുന്നതിന് പ്രഖ്യാപിച്ച പാക്കേജുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയതിൽ ഏതൊക്കെ പാക്കേജുകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആനുകൂല്യം എത്ര കർഷകർക്ക് ലഭിച്ചുവെന്ന് പാക്കേജ് തിരിച്ചും ജില്ല തിരിച്ചും വ്യക്തമാക്കാമോ ?